വിവരാവകാശം/മറുപടി

സാമൂഹിക നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :03-02-2023
Email - swdkerala@gmail.com
Phone - 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹിക നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ശ്രീകുട്ടി എം.ജെ.
മാളിയേക്കൽ കടലാടി മറ്റം
പൂഞ്ഞാർ സൗത്ത് പി.ഒ.
കോട്ടയം 686582

സർ,

വിഷയം:- സാമൂഹികനീതി വകുപ്പ് – വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- ഈ കാര്യാലയത്തിൽ 6/1/2023-ന് ലഭ്യമായ താങ്കളുടെ 4/1/2023 തീയതിയിലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ആയതിന്റെ മറുപടി ചുവടെ ചേർക്കുന്നു.

1 & 2 ) സാമൂഹ്യനീതിവകുപ്പിലെ, സ.ഉ.(അച്ചടി) നം.10/2019/സാ.നീ.വ തീയതി.21/10/2019 അടിസ്ഥാനമാക്കി സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ E (VI) പ്രകാരം, പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിലെ പി.എസ്.സി നിയമനം സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ 25/5/2020-ൽ സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശ റിപ്പോർട്ടിയിന്മേൽ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II തസ്തികയുമായി ബന്ധപ്പെട്ട ശിപാർശ അംഗീകരിച്ചോ നിരസിച്ചോ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. പരസ്പര വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുള്ള ഈ ശിപാർശ റിപ്പോർട്ടിലെ വിവരങ്ങൾ; പ്രസ്തുത റിപ്പോർട്ടിൻ മേൽ സർക്കാർ നാളിതുവരെ തീരുമാനം കൈകൊള്ളാത്ത സാഹചര്യത്തിൽ വെളിപ്പെടുത്തുന്നത് ബാഹ്യ ഇടപെടലിന് ഇടയാക്കുമെന്നതും വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതും പൊതുതാൽപര്യത്തെ ഹനിക്കുന്നതുമാണെന്നതിനാൽ വെളിപ്പെടുത്തുവാൻ കഴിയില്ലായെന്ന് Right to information Act Chapter II 8 (1) e പ്രകാരം അറിയിക്കുന്നു.

3) സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമായ ഫയലിന്മേൽ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II തസ്തികയുടെ കാര്യത്തിൽ സർക്കാർ നാളിതുവരെ തീരുമാനം കൈകൊണ്ടിട്ടില്ല.

I/79428/2023

**4&5&6)** സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് ശേഷം ജീവനക്കാരുടെ സ്ഥാനക്കയറ്റം, നിയമനം എന്നിവയ്ക്കായി വ്യവസ്ഥ നിശ്ചയിച്ചുകൊണ്ടുള്ള സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനുള്ള ശിപാർശ റിപ്പോർട്ട് സർക്കാർ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശ റിപ്പോർട്ട് സർക്കാർ പരിഗണനയിലാണ്. പരസ്പര വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുള്ള ഈ ശിപാർശ റിപ്പോർട്ടിലെ വിവരങ്ങൾ; പ്രസ്തുത റിപ്പോർട്ടിൻ മേൽ സർക്കാർ നാളിതുവരെ തീരുമാനം കൈകൊള്ളാത്ത സാഹചര്യത്തിൽ വെളിപ്പെടുത്തുന്നത് ബാഹ്യ ഇടപെടലിന് ഇടയാക്കുമെന്നതും വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതും പൊതുതാൽപര്യത്തെ ഹനിക്കുന്നതുമാണെന്നതിനാൽ വെളിപ്പെടുത്തുവാൻ കഴിയില്ലായെന്ന് **Right to information Act Chapter II 8 (1) e** പ്രകാരം അറിയിക്കുന്നു.

മേൽ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ താങ്കൾക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റ് അപ്പീൽ അധികാരിയ്ക്ക് **30** ദിവസത്തിനകം ചുവടെ ചേർത്തിട്ടുള്ള വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ജി അജയകുമാർ,
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ & അപ്പീൽ അധികാരി,
സാമൂഹിക നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ **5th Floor**,
തിരുവനന്തപുരം.

വിശ്വസ്തതയോടെ,

ഹരികുമാരൻ നായർ എ.കെ
സീനിയർ സൂപ്രണ്ട് & സ്റ്റേറ്റ് പബ്ലിക ഇൻഫർമേഷൻ ഓഫീസർ,
സാമൂഹിക നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.